പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1870 04.12.2018-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. യുടെ പ്രതിദിന നഷ്ടം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മുഹമ്മദ് മുഹസിൻ പി. | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | എന്തൊക്കെ കാരണങ്ങളാലാണ് കെ.എസ്.ആർ.ടി.സി.യ്ക്ക് നഷ്ടം സംഭവിക്കുന്നതെന്നും പ്രതിദിന നഷ്ടം കുറയ്ക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ള തെന്നും വ്യക്തമാക്കാമോ; | (എ) | പൊതുഗതാഗത രംഗത്ത് ലാഭനഷ്ടം നോക്കാതെ ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ സർവ്വീസുകൾ നടത്തേണ്ടിവരുന്നതിനാലാണ് പ്രധാനമായും കെ.എസ്.ആർ.ടി.സി.യ്ക്ക് നഷ്ടം സംഭവിച്ച് കൊണ്ടിരിക്കുന്നത്. കൂടാതെ അടിക്കടിയുണ്ടാകുന്ന ഡീസൽ, സ്പെയർ പാർട്സ് എന്നിയുടെ വിലവർദ്ധനവ്, ഹർത്താൽ, ബന്ദ് അനുകൂലികളുടെ അക്രമം മൂലം സംഭവിക്കുന്ന നഷ്ടങ്ങൾ, വിദ്യാർത്ഥികൾക്കുള്ള കൺസഷൻ ടിക്കറ്റ് ഉൾപ്പെടെയുള്ള സൗജന്യ യാത്ര പാസ്സുകൾ അനുവദിക്കുന്നത് മൂലമുണ്ടാകുന്ന നഷ്ടം എന്നിവയാണ് കെ. എസ്.ആർ.ടി.സി.യ്ക്ക് ഉണ്ടാകുന്ന നഷ്ടത്തിന്റെ മറ്റ് കാരണങ്ങൾ.<br>റൂട്ടുകൾ പുനഃക്രമീകരിച്ച് വരുമാനവർദ്ധനവ് നടത്തിയും അനാവശ്യ ചിലവുകൾ നിയന്ത്രിച്ചും സർക്കാർ നൽകുന്ന ധനസഹായം കൊണ്ടും, ഇലക്ട്രിക്, സി.എൻ.ജി / എൽ.എൻ.ജി എന്നീ ബസ്സുകളുടെ വ്യാപനത്തോടെയും നഷ്ടം കുറച്ച് കൊണ്ടുവരാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | കെ.എസ്.ആർ.ടി.സി.യെ ലാഭത്തിലാക്കാൻ എന്തെങ്കിലും കർമ്മ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | കെ.എസ്.ആർ.ടി.സിയെ ലാഭത്തിലാക്കുവാൻ നിരവധി പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. സർവ്വീസ് ഓപ്പറേഷൻ സംബന്ധിച്ച് വരുമാനം കുറവുള്ള സർവ്വീസുകളെ പുനഃക്രമീകരിക്കുന്ന പദ്ധതി ഇതിനോടകം തന്നെ ആരംഭിച്ചിട്ടുണ്ട്. 1255 ഷെഡ്യൂളുകൾ പുനഃക്രമീകരിച്ച് വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത്തരം പുനരുദ്ധാരണ പദ്ധതിക്ക് ജീവനക്കാരുടെ |

| | | | |
|---|---|---|---|
| | | | ഭാഗത്ത് നിന്നും മികച്ച പിന്തുണ ലഭ്യമാക്കുന്നതിന് സാധിച്ചിട്ടുമുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി.യുടെ മുഴുവൻ ഷെഡ്യൂളുകളുടെയും ഡ്യൂട്ടി പാറ്റേൺ ഏകീകരിക്കുന്നതിനും, ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്കരിച്ച് ജീവനക്കാരുടെ വിഭവ ശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനും വേണ്ടി നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>കിലോമീറ്ററിൽ അധിഷ്ഠിതമായ നിലവിലുള്ള ഡ്യൂട്ടി പാറ്റേൺ സമ്പ്രദായം പരിഷ്കരിച്ച് ബസ് ഓടിക്കുന്ന സമയത്തിന് ആനുപാതികമായി ഡ്യൂട്ടി നിശ്ചയിച്ച് പരാതിക്കിടയാക്കാത്ത വിധത്തിൽ തുല്യനീതി ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഡ്യൂട്ടി പാറ്റേൺ ഏകീകരണം നടപ്പിലാക്കിയിട്ടുള്ളത്.<br><br>സമാന്തര സർവ്വീസുകൾ നിയന്ത്രിക്കുന്നതിന് ഗതാഗത കമ്മീഷണറേറ്റും പോലീസും, കെ.എസ്.ആർ.ടി.സി.യും ചേർന്ന് സ്ക്വാഡ് രൂപീകരിക്കുകയും, ആയത് ഫലപ്രദമായി പ്രവർത്തിച്ചതുമൂലം കെ.എസ്.ആർ.ടി.സി.യുടെ വരുമാനം വർദ്ധിച്ചിട്ടുണ്ട്. ദീർഘദൂര യാത്രക്കാരെ കൂടുതലായി കെ.എസ്.ആർ.ടി.സി ബസ്സുകളിലേക്ക് ആകർഷിക്കുന്നതിലേക്കും, യാത്രക്കാർക്ക് കൂടുതൽ സുഖകരമായ യാത്ര പ്രദാനം ചെയ്യുന്നതിലേക്കുമായി പുതിയതരം പുഷ്ബാക്ക് സീറ്റോട് കൂടിയ എയർ എക്സ്പ്രസ് ബസ്സുകളും, സൂപ്പർ ഡീലക്സ് എയർ ബസ്സുകളും നിരത്തിലിറക്കിയിട്ടുണ്ട്. സ്റ്റോപ്പുകളുടെ എണ്ണം കുറച്ച് കുറഞ്ഞ സമയം കൊണ്ട് കൂടുതൽ ദൂരം സഞ്ചരിക്കുന്ന തരത്തിൽ മിന്നൽ സർവ്വീസുകളെന്ന പേരിൽ പുതിയ തരം സർവ്വീസുകൾ ഇതിനോടകം തന്നെ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കർണ്ണാടക സംസ്ഥാനവുമായുള്ള പുതിയ അന്തർ സംസ്ഥാന കരാർ പ്രകാരമുള്ള വിവിധ അന്തർ സംസ്ഥാന റൂട്ടുകളിലേക്കും പുതിയ സർവ്വീസുകളും, വാരാന്ത്യ പ്രത്യേക അന്തർ സംസ്ഥാന സർവ്വീസുകളും ആരംഭിച്ചിട്ടുണ്ട്. കൂടുതൽ പ്രീമിയം ബസുകൾ സർവ്വീസ് ഓപ്പറേഷന് ലഭ്യമാക്കുന്നതിനായി വെറ്റ് ലീസ് വ്യവസ്ഥയിൽ പുതിയ 10 സ്കാനിയ തരത്തിലുള്ള ബസ്സുകൾ സർവ്വീസ് ആരംഭിച്ചി |

| | | | |
|---|---|---|---|
| | | | ട്ടുണ്ട്. വരുമാന വർദ്ധനവ് ലക്ഷ്യമിട്ട് കൂടുതൽ ചെയിൻ സർവ്വീസുകൾ വിവിധ മേഖലകളിൽ ആരംഭിച്ചിട്ടുണ്ട്.<br><br>കെ.എസ്.ആർ.ടി.സി പുനരുദ്ധാരണ പദ്ധതികൾ നടപ്പിലാക്കുന്നതിന് മുന്നോടിയായി ജീവനക്കാരുടെ പൂർണ്ണമായ സഹകരണം ഉറപ്പ് വരുത്തുന്നതിനുള്ള ശ്രമങ്ങൾ കൈകൊണ്ടിട്ടുണ്ട്.<br><br>കൂടാതെ കേരളത്തിലെ പ്രധാന സ്ഥലങ്ങളെ തമ്മിൽ ബന്ധിപ്പിച്ചു കൊണ്ട് 'ചിൽ ബസ് എന്ന പേരിൽ എ.സി ബസ്സുകൾ ഉപയോഗിച്ച് തിരുവനന്തപുരം-എറണാകുളം, എറണാകുളം-കോഴിക്കോട്, കോഴിക്കോട്-കാസർഗോഡ് എന്നീ റൂട്ടുകളിൽ പുതിയ സർവ്വീസുകൾ ഒരു മണിക്കൂർ ഇടവേളകളിൽ ആരംഭിച്ചിട്ടുണ്ട്. ടി എയർ കണ്ടീഷൻഡ് സർവ്വീസുകൾ കൃത്യനിഷ്ഠ പുലർത്തുന്നതിനാലും, കാര്യക്ഷമമായി നടത്തുവാൻ കഴിഞ്ഞതിനാലും കൂടുതൽ യാത്രക്കാരെ ആകർഷിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.<br><br>കേരളത്തിലെ എയർപോർട്ടുകളിൽ നിന്നും പ്രധാന നഗരങ്ങളിലേയ്ക്ക് ഫ്ലൈ ബസുകൾ എന്ന പേരിൽ പുതിയ എ.സി സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്. എയർപോർട്ടുകളിൽ നിന്ന് യാത്രക്കാർക്ക് കുറഞ്ഞ ചെലവിൽ സുഖകരമായ യാത്ര ഈ സർവ്വീസുകൾ പ്രദാനം ചെയ്യുന്നതിനാൽ ടി സർവ്വീസുകളും ജനോപകാരപ്രദമായി നടത്തുവാൻ കഴിഞ്ഞിട്ടുണ്ട്.<br><br>കെ.എസ്.ആർ.ടി.സി.യിൽ പുതുതായി 10 ഇലക്ട്രിക് ബസ്സുകൾ വാടക അടിസ്ഥാനത്തിൽ ലഭ്യമാക്കി സർവ്വീസ് നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിൽ 5 ബസ്സുകൾ ശബരിമല മഹോൽസവത്തോടനുബന്ധിച്ച് നിലയ്ക്കൽ-പമ്പ ചെയിൻ സർവ്വീസ് നടത്തുന്നതിനായി ഇതിനോടകം ഉപയോഗിച്ച് തുടങ്ങിയിട്ടുണ്ട്. പരിസ്ഥിതി സൗഹാർദ്ദവും, ശബ്ദരഹിതവും ആയ ഇത്തരം ബസ്സുകളിലൂടെ കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിനും, യാത്രക്കാർക്ക് കൂടുതൽ സുഖകരമായ യാത്രാസൗകര്യം പ്രദാനം ചെയ്യുന്നതിനും കഴിഞ്ഞിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | താരതമ്യേന ചെലവു കുറഞ്ഞ ഇലക്ട്രിക് ബസ്സുകൾ വെറ്റ് ലീസ് മാതൃകയിൽ ലഭ്യമാക്കി സർവ്വീസ് നടത്തി വരുന്നു. ഒരു CNG ബസ് ട്രയൽ അടിസ്ഥാനത്തിൽ എറണാകുളം സിറ്റിയിൽ സർവ്വീസ് നടത്തിവരുന്നു.<br><br>മെക്കാനിക്കൽ ജീവനക്കാരുടെ ജോലി സമയം, ബസ്സുകൾ സർവ്വീസ് പൂർത്തിയാക്കി ഗ്യാരേജിൽ തിരികെ എത്തുന്ന സമയത്തിനനുസൃതമായി പുനഃക്രമീകരിച്ചതിലൂടെ ജോലി ചെയ്യുന്നതിന് വാഹനം ലഭിക്കാതെ ജീവനക്കാർ idle -ചെയ്യുന്നത് ഒഴിവാക്കുന്നതിന് സാധിച്ചിട്ടുണ്ട്. മെക്കാനിക്കൽ ജീവനക്കാരുടെ അധ്വാനഭാരം കുറച്ച് തദ്വാര ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് ആധുനിക ഉപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്. മെക്കാനിക്കൽ വിഭാഗത്തിൽ വർക്ക് നോംസ് പരിഷ്കരിച്ച് ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും ഗുണമേന്മ ഉറപ്പാക്കുന്നതിനും, തദ്വാര മനുഷ്യ പ്രയത്നത്തിന്റെ ആവശ്യകത കുറയ്ക്കുന്നതിനും ഉള്ള നടപടികളുടെ ഭാഗമായി ഇതു സംബന്ധിച്ച് വിശദമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് കേരളാ സംസ്ഥാന പ്രൊഡക്റ്റിവിറ്റി കൗൺസിലിനെ ചുമതലപ്പെടുത്തുകയും അവരുടെ പഠനത്തിന്റെ അടിസ്ഥാനത്തിൽ ജോബ് നോംസ് പരിഷ്കരിച്ച് നടപ്പിലാക്കി വരികയുമാണ്. ഫ്ലീറ്റ് യൂട്ടിലൈസേഷൻ നിലവിൽ ഉള്ളതിൽ നിന്നും ദേശീയ ശരാശരിയിലേക്ക് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിന് ഡ്രൈവർമാർക്കും മെക്കാനിക്കുകൾക്കും പരിശീലനം നൽകി വരുന്നു. ടയർ മൈലേജ് വർദ്ധിപ്പിച്ച് ചെലവ് ചുരുക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു.<br><br>കെ.എസ്.ആർ.ടി.സി ലഭാകരമാക്കാനുള്ള നടപടിയുടെ ഭാഗമായി സർവീസ് നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിനോടൊപ്പം ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന് വളരെ പ്രാധാന്യം നൽകി കെ.എസ്.ആർ.ടി.സി യുടെ അധീനതയിലുള്ള സ്ഥലങ്ങളിൽ വ്യാവസായിക വാണിജ്യ അടിസ്ഥാനത്തിൽ വാണിജ്യ സമുച്ചയങ്ങൾ പണിയുകയും, |

| | | | |
|---|---|---|---|
| | | | ലേലം/ടെണ്ടർ നടപടികളിലൂടെ നൽകിയും, കൊറിയർ & പാഴ്സൽ സർവ്വീസ്, ബാങ്ക് എ.റ്റി.എം, കോഫീ വെൻഡിംഗ് മെഷീൻ എന്നിവ നടപ്പിലാക്കിയും കൂടാതെ കെ.എസ്.ആർ.ടി.സിയുടെ ബസ്സുകളിലും ബസ് സ്റ്റേഷനുകളിലും പരസ്യം പ്രദർശിപ്പിക്കുന്നതിന് കരാർ നൽകിയും അധിക വരുമാനം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സിയുടെ അധീനതയിൽ നിർമ്മിച്ച നെയ്യാറ്റിൻകര, നെടുമങ്ങാട്, കാട്ടാക്കട, കൊട്ടാരക്കര, പയ്യന്നൂർ, കണ്ണൂർ, കാസർഗോഡ് എന്നീ വാണിജ്യ സമുച്ചയങ്ങളിൽ ഒഴിവുള്ള കടമുറികൾക്ക് പരമാവധി ലൈസൻസികളെ കണ്ടെത്തി ഷോപ്പുകൾ തുറന്ന് പ്രവർത്തിക്കുന്നതിനും നടപടികൾ സ്വീകരിച്ച് വരുന്നു. ഇതിലൂടെ പലിശരഹിത നിക്ഷേപ ഇനത്തിലും പ്രതിമാസ വാടക ഇനത്തിലും നല്ലൊരു തുക സമാഹരിക്കുക എന്നതാണ് കോർപ്പറേഷൻ ലക്ഷ്യമിടുന്നത്. കെ.എസ്.ആർ.ടി.സിയുടെ പ്രധാന ബസ് സ്റ്റേഷനുകളിൽ ഇന്ത്യൻ കോഫീ ഹൗസ്, ആകർഷകമായ എൽ.ആർ.സ്റ്റാളുകൾ, എ.റ്റി.എം കൗണ്ടറുകൾ, വിശ്രമ സൗകര്യങ്ങൾ, വൃത്തിയുള്ള ടോയ്‌ലറ്റുകൾ, ഇൻഫർമേഷൻ സംവിധാനങ്ങൾ എന്നിവ പ്രാവർത്തികമാക്കിയിട്ടുള്ളതാണ്.<br>കെ.എസ്.ആർ.ടി.സിയുടെ അധീനതയിലുള്ള ബസ് സ്റ്റേഷനുകളിൽ മൊബൈൽ ടവറുകൾ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നതിനും, വാണിജ്യ സമുച്ചയങ്ങളിലെ ഒഴിഞ്ഞുകിടക്കുന്ന ഹാളുകളിൽ മൾട്ടി പ്ലക്സ് സിനിമ ശാലകൾ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ച് വരുന്നു. ഇതിലൂടെ പ്രതിമാസം നല്ലൊരു തുക സമാഹരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. നിലവിൽ കെ.എസ്.ആർ.ടി.സിയുടെ അധീനതയിൽ നിർമ്മാണം പൂർത്തീകരിച്ച് വരുന്ന തൊട്ടുപുഴ, മൂവാറ്റുപുഴ, പത്തനംതിട്ട, നിലമ്പൂർ, ഹരിപ്പാട്, മലപ്പുറം എന്നീ വാണിജ്യ സമുച്ചയങ്ങളിലെ കടമുറികൾ, ഓഫീസ് സ്പേയ്സ് എന്നിവയ്ക്ക് ലൈസൻസികളെ കണ്ടെത്തുന്നതിനുള്ള ടെണ്ടർ നടപടികൾ നിരവധി തവണ നടത്തിയിട്ടുള്ളതാണ്. |

| | | | |
|---|---|---|---|
| | | | ഇവയെല്ലാം തന്നെ പൂർണ്ണമായും സജ്ജമായി കഴിഞ്ഞാൽ ടിക്കറ്റിതര വരുമാനമായി നല്ലൊരു തുക കെ.എസ്.ആർ.ടി.സിയ്ക്ക് ലഭിക്കുന്നതാണ്. ഇതെല്ലാം തന്നെ കെ.എസ്.ആർ.ടി.സിയെ നഷ്ടത്തിൽ നിന്നും ലാഭകരമാക്കുവാൻ ഒരു പരിധി വരെ സഹായകമാവുമെന്ന് പ്രതീക്ഷിക്കുന്നു. ഇത് കൂടാതെ കെ.എസ്.ആർ.ടി.സി ബസ് സ്റ്റേഷനുകളിൽ പരസ്യ പ്രദർശനത്തിന് ജില്ലാ അടിസ്ഥാനത്തിൽ ലൈസൻസികളെ കണ്ടെത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു. കൂടാതെ കെ.എസ്.ആർ.ടി.സി ബസ് സ്റ്റേഷനുകളിൽ ഡിജിറ്റൽ വീഡിയോ വോൾ സ്ഥാപിച്ച് പരസ്യം പ്രദർശിക്കുന്നതിനും ലൈസൻസികളെ കണ്ടെത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു. മുൻ വർഷങ്ങളിൽ നിന്നും വ്യത്യസ്തമായി നിബന്ധനകളിൽ കാതലായ മാറ്റം വരുത്തിയത് വഴി KSRTC, KURTC ബസ്സുകളിൽ പരസ്യം ചെയ്യുന്നതിന് ലൈസൻസിയെ കണ്ടെത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. ആയതിനൊപ്പം വാണിജ്യ സമുച്ചയങ്ങളിൽ മൾട്ടിപ്ലക്സ് സിനിമാശാലകൾ സ്ഥാപ്പിച്ച് പ്രവർത്തിപ്പിക്കുന്നതിന് ലൈസൻസിയെ കണ്ടെത്തുന്നതിനുള്ള പദ്ധതിയും വിഭാവനം ചെയ്തിട്ടുണ്ട്. കെ.എസ്.ആർ.ടി.സി ബസുകളിൽ കൊറിയർ പാർസൽ സർവ്വീസ് നടത്തുന്നതിലൂടെ പ്രതിമാസം 13,15,000/- രൂപ ലഭിക്കുന്നു. ഇത് ഈ ഇനത്തിൽ പോയ വർഷത്തെ വരുമാനത്തിനേക്കാൾ ആറു മടങ്ങ് വർധനവ് വരുത്തിയിട്ടുണ്ട്. KSRTC ബസുകൾ പരസ്യത്തിനു നൽകുന്നത് വഴി പ്രതിവർഷം 8.38 കോടി രൂപയിൽ നിന്നും 21 കോടിയിലേക്കും, KURTC ബസ്സുകളിൽ 1.30 കോടി രൂപയിൽ നിന്നും 5.33 കോടി രൂപയിലേക്കും വരുമാനം ഉയർത്തുവാൻ കഴിഞ്ഞു. അത്തരത്തിൽ 5 വർഷത്തേക്ക് 59 കോടിയിൽ നിന്നും 161 കോടി രൂപയിലേക്ക് ഗണ്യമായ വർദ്ധന വാണ് KSRTC യ്ക്ക് ലഭിച്ചത്. |

**സെക്ഷൻ ഓഫീസർ**